REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 31-07-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- വയനാട്ടിലെ ഉരുൾ പൊട്ടലിൽ മരണം 135 ആയി. മരണ സംഖ്യ ഇനിയും ഉയർന്നേക്കുമെന്ന് ആശങ്ക. രണ്ടാം ദിവസമായ ഇന്ന് രക്ഷാ പ്രവർത്തനം അൽപസമയത്തിനകം ആരംഭിക്കും.
- ദുരിതാശ്വാസ - രക്ഷാപ്രവർത്തനങ്ങൾക്ക് സംസ്ഥാന ഗവൺമെന്റിന് സാധ്യമായ എല്ലാ സഹായവും നൽകുന്നുണ്ടെന്ന് കേന്ദ്രം. രക്ഷാ പ്രവർത്തനങ്ങൾ പ്രധാനമന്ത്രി നിരീക്ഷിച്ചു വരികയാണെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ.
- സംസ്ഥാനത്ത് മധ്യ, വടക്കൻ ജില്ലകളിൽ ഇന്നും ശക്തമായ മഴ തുടരും. അഞ്ച് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കൊല്ലം, തിരുവനന്തപുരം ഒഴികെ 12 ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.
- സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം അർദ്ധരാത്രി അവസാനിയ്ക്കും.
- ഉപതെരഞ്ഞെടുപ്പ് നടന്ന 49 തദ്ദേശ ഭരണ വാർഡുകളിലെ വോട്ടെണ്ണൽ ഇന്ന്.

## വാർത്തകൾ വിശദമായി

**വയനാട്ടിലെ ചൂരൽമല ഉരുൾ പൊട്ടലിൽ മരണം 135 ആയി.186 പേരാണ് വിവിധ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്നത്. 100 ഓളം പേരെ കണ്ടെത്താനുണ്ടെന്നാണ്**

റിപ്പോർട്ട്. 400 പേരെ രക്ഷപ്പെടുത്തി. മരണ സംഖ്യ ഇനിയും ഉയർന്നേക്കുമെന്ന് ആശങ്കയുണ്ട്. രണ്ടാം ദിവസമായ ഇന്ന് രക്ഷാ പ്രവർത്തനം അൽപസമയത്തിനകം ആരംഭിക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

...........വോയ്സ്.........

ഉരുൾപൊട്ടൽ ദുരന്തത്തിൽ മുണ്ടക്കൈ പ്രദേശത്ത് ഇന്നലെ വൈകിട്ട് രക്ഷാ പ്രവർത്തനം ആരംഭിച്ചതോടെയാണ് കൂടുതൽ മൃതദേഹങ്ങൾ കണ്ടെടുത്തത്. ഹെലികോപ്ടറിൽ വ്യോമസേന കൂടി എത്തിയതോടെയാണ് ഈ ഭാഗത്തേക്ക് രക്ഷാപ്രവർത്തകർക്ക് എത്താനായത്.

ചാലിയാർ പുഴയിൽ നിലമ്പൂർ, മുണ്ടേരി എന്നിവിടങ്ങളിൽ നിന്നായി ഇന്നലെ വൈകിട്ട് 7.30 വരെ 32 മൃതദേഹങ്ങളും 25 ശരീര ഭാഗങ്ങളും കണ്ടെത്തി. 19 പുരുഷൻമാരുടെയും, 11 സ്ത്രീകളുടെയും, 2 ആൺകുട്ടികളുടെയും മൃതദേഹങ്ങളും, 25 ശരീരഭാഗങ്ങളുമാണ് ലഭിച്ചത്. മൃതദേഹങ്ങൾ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണ്.

ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാനും മുഖ്യമന്ത്രി പിണറായി വിജയനും ഉൾപ്പെടെ ചൂരൽമലയിലെത്തും. ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ ഇന്നത്തെ വയനാട് സന്ദർശനം റദ്ദാക്കി. പ്രതികൂല കാലാവസ്ഥ കാരണം വിമാന ലാൻഡിംഗ് സുരക്ഷിതമല്ലാത്ത സാഹചര്യത്തിലാണ് സന്ദർശനം റദ്ദാക്കിയത്.

വയനാട്ടിൽ ഉരുൾപൊട്ടൽ ദുരന്തത്തിനിരയായവർക്ക് ദുരിതാശ്വാസ സഹായം നൽകാൻ ആഗ്രഹിക്കുന്നവർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലൂടെ ലഭ്യമാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. ദുരിത ബാധിതർക്ക് എല്ലാ സഹായവും ഗവൺമെന്റ് നൽകുന്നത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നായിരിക്കും. ഔദ്യോഗിക ദുരിതാശ്വാസ പ്രവർത്തകർ അല്ലാത്തവർ ആരും വയനാടിലേക്ക് പോകരുതെന്നും മുഖ്യമന്ത്രി നിർദേശം നൽകി.

വയനാട് രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തുടർ നടപടി ചർച്ച ചെയ്യുന്നതിനും മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ഉന്നതതല യോഗം ചേർന്നു.

രക്ഷാപ്രവർത്തനങ്ങൾ മുഖ്യമന്ത്രി വിലയിരുത്തി. കേന്ദ്ര ഗവൺമെന്റിന്റെ കീഴിലെ ഏജൻസികളുമായി ഏകോപനം, ദുരന്ത മുഖത്തെ സേനാ വിഭാഗങ്ങളുടെ വിന്യാസം, ആരോഗ്യ-സുരക്ഷാ മുൻകരുതലുകൾ, ദുരിതാശ്വാസ ക്യാമ്പുകളിലെ സൗകര്യങ്ങൾ എന്നിവ മുഖ്യമന്ത്രി വിലയിരുത്തി.

✪✪✪

വയനാട്ടിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും രക്ഷാപ്രവർത്തനത്തിനും കേരള ഗവൺമെന്റിന് സാധ്യമായ എല്ലാ സഹായവും നൽകുന്നുണ്ടെന്ന് കേന്ദ്രം അറിയിച്ചു. 250 പേരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിയതായി ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് രാജ്യസഭയിൽ നടത്തിയ പ്രസ്താവനയിൽ പറഞ്ഞു. രക്ഷാപ്രവർത്തനത്തിന്

എൻഡിആർഎഫിന്റെ മൂന്ന് സംഘങ്ങൾ കൂടി എത്തുമെന്നും അദ്ദേഹം പറഞ്ഞു. ലോക്സഭയിലും ആഭ്യന്തര സഹമന്ത്രി സമാനമായ പ്രസ്താവന നടത്തി.

നേരത്തെ, വയനാട്ടിലുണ്ടായ ഉരുൾപൊട്ടലിൽ രക്ഷാപ്രവർത്തനത്തിന് സാധ്യമായ എല്ലാ പിന്തുണയും നൽകണമെന്ന് ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിരുന്നു. ലോക്സഭയിൽ ശൂന്യവേളയിൽ വിഷയം ഉന്നയിച്ച രാഹുൽ ഗാന്ധി, സുപ്രധാന ഗതാഗത ആശയവിനിമയ സംവിധാനങ്ങൾ പുനഃസ്ഥാപിക്കാനും ദുരിതാശ്വാസ ക്യാമ്പുകൾ സ്ഥാപിക്കാനും ആവശ്യപ്പെട്ടു.

✪✪✪

ഉരുൾപൊട്ടൽ ദുരന്തത്തിന്റെ രക്ഷാപ്രവർത്തനങ്ങൾ പ്രധാനമന്ത്രി നിരീക്ഷിച്ചുവരികയാണെന്ന് കേന്ദ്ര സഹ മന്ത്രി ജോർജ്ജ് കുര്യൻ കോഴിക്കോട്ട് പറഞ്ഞു. ആഭ്യന്തര മന്ത്രാലയത്തിന്റെ രണ്ട് കൺട്രോൾ റൂമുകൾ സ്ഥിതി സദാസമയം നിരീക്ഷിക്കുന്നുണ്ടെന്നും സംസ്ഥാനത്തിന് സാധ്യമായ എല്ലാ സഹായവും നൽകുന്നുണ്ടെന്നും അദ്ദേഹം അറിയിച്ചു.

സാങ്കേതിക സഹായം നൽകാൻ നാവിക സേനയുടെ INS സമോറിയൻ കപ്പൽ അറബിക്കടലിൽ നിലയുറപ്പിച്ചിട്ടുണ്ടെന്നും ജോർജ്ജ് കൂര്യൻ പറഞ്ഞു.

03 ബെയ്‌ലി പാലങ്ങൾ നിർമിക്കാൻ മദ്രാസ് എഞ്ചിനീയറിംഗ് ഗ്രൂപ്പിനെ വിന്യസിച്ചിട്ടുണ്ട്.

110 അടി ബെയ്‌ലി പാലവും തെരച്ചിലിനും രക്ഷാ പ്രവർത്തനങ്ങൾക്കുമായി മൂന്ന് ഡോഗുകളെയും ഡൽഹിയിൽ നിന്ന് കോഴിക്കോട്ടേക്ക് കയറ്റി അയച്ചിട്ടുണ്ടെന്നും സൈന്യത്തിന്റെ ഡോഗ് സ്ക്വാഡ് എത്തുമെന്നും കേന്ദ്ര സഹമന്ത്രി അറിയിച്ചു.

ആവശ്യാനുസരണം അധിക വിഭവങ്ങൾ കേന്ദ്ര ഗവൺമെന്റ് അയക്കുമെന്നും ജോർജ്ജ് കുര്യൻ പറഞ്ഞു.

✪✪✪

ഉരുൾപൊട്ടലിനെ തുടർന്ന് തുടർനടപടി സ്വീകരിക്കുന്നതിന് മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് റാപ്പിഡ് റെസ്പോൺസ് ടീം യോഗം ചേർന്നു. ഓരോ ക്യാമ്പിലും ഒരു ആരോഗ്യ പ്രവർത്തകന് ചുമതല നൽകാനും ആവശ്യമായ സ്ഥലങ്ങളിൽ പ്രത്യേക മെഡിക്കൽ ടീമിനെ നിയോഗിക്കാനും മന്ത്രി നിർദേശം നൽകി. പകർച്ചവ്യാധി പ്രതിരോധത്തിനായി നടപടി സ്വീകരിച്ചതായും മന്ത്രി അറിയിച്ചു.

പോസ്റ്റുമോർട്ടം നടപടി വേഗത്തിലാക്കാൻ വയനാടിലുള്ള ഫോറൻസിക് സംഘത്തിനു പുറമെ കോഴിക്കോട് നിന്നു ഫോറൻസിക് ഡോക്ടർമാരുടെ പ്രത്യേക സംഘത്തെയും നിയോഗിച്ചിട്ടുണ്ട്. തിരിച്ചറിയാനാകാത്ത മൃതദേഹങ്ങൾ തിരിച്ചറിയാൻ ജനിതക പരിശോധനകൾ നടത്താൻ സംവിധാനമൊരുക്കി. അധിക മോർച്ചറി സൗകര്യങ്ങളും മൊബൈൽ മോർച്ചറി സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

✪✪✪

ചൂരൽമല ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വയനാട് ജില്ലയിൽ 45 ദുരിതാശ്വാസ ക്യാപുകൾ തുറന്നു. 3069 ആളുകളെ ക്യാപുകളിലേക്ക് മാറ്റി താമസിപ്പിച്ചിട്ടുണ്ട്.

ദുരന്ത മേഖലയിൽ ജല വിഭവ വകുപ്പ് 20,000 ലിറ്റർ കുടിവെള്ളം എത്തിക്കും.

✪✪✪

സംസ്ഥാനത്ത് മധ്യ, വടക്കൻ ജില്ലകളിൽ ഇന്നും ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതി ശക്തമായ മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് കാസർഗോഡ് മുതൽ മലപ്പുറം വരെ അഞ്ച് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. പാലക്കാട്, തൃശൂർ, ഇടുക്കി, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകി.

കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില സമയങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റ് വീശാൻ സാധ്യതയുണ്ടെന്നും മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

സംസ്ഥാനത്ത് 12 ജില്ലകളിൽ വിദ്യാഭാസ സ്ഥാപനങ്ങൾക്ക് ഇന്ന് ജില്ലാ കലക്ടർമാർ അവധി പ്രഖ്യാപിച്ചു. കൊല്ലം, തിരുവനന്തപുരം ഒഴികെ ജില്ലകളിലാണ് പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചിരിക്കുന്നത്.

CBSE,, ICSC സ്കൂളുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ, അങ്കണവാടികൾ, മദ്രസകൾ എന്നിവയ്ക്കും അവധി ബാധകമാണ്. എന്നാൽ മുൻകൂട്ടി പ്രഖ്യാപിച്ച പരീക്ഷകൾക്ക് മാറ്റമുണ്ടാകില്ല.

✪✪✪

വടകര വിലങ്ങാട് മഞ്ഞക്കുന്ന് ഭാഗത്തുണ്ടായ ശക്തമായ ഉരുൾപൊട്ടലിൽ കാണാതായ മാത്യുവിനായി രാവിലെ തെച്ചിൽ വീണ്ടും തുടരും. രക്ഷാപ്രവർത്തനത്തിനെത്തിയ ഇദ്ദേഹം, ഉരുൾപൊട്ടലിൽ പെടുകയായിരുന്നു. മലവെള്ളത്തിൽ 13 വീടുകളും കടകളും പൂർണമായും ഒലിച്ചുപോയി.

ഉരുൾപൊട്ടലിൽ മലയങ്ങാട് പാലം ഒലിച്ചു പോയതിനെ തുടർന്ന് 15 കുടുംബങ്ങൾ മലയോര ഭാഗത്ത് ഒറ്റപ്പെട്ടു കഴിയുകയാണ്. കുന്ന്യോർമല ഭാഗത്ത് ദേശീയപാതയ്ക്കു ഇരുവശവും മണ്ണിടിച്ചിൽ ഉണ്ടായതിനെ തുടർന്ന് പ്രദേശവാസികളെ മാറ്റിപ്പാർപ്പിച്ചു.

കക്കയം ഡാമിന്റെ രണ്ട് ഷട്ടറുകൾ ഒരു അടിയിലേക്ക് ഉയർത്തി.

✪✪✪

കോഴിക്കോട് വളയത്ത് വീട്ടിന് സമീപത്തെ തോട്ടിൽ ഒഴുക്കിൽപ്പെട്ട് കുട്ടി മരിച്ചു. ചെറുമോത്ത്മുഹമ്മദ് സഹലാണ് മരിച്ചത്.

കണ്ണാടിക്കലിൽ കനാലിൽ വീണ് സുബൈർ എന്നയാൾ മരിച്ചു.

✪✪✪

ഗുരുവായൂർ തൊഴിയൂരിൽ കുളത്തിൽ വീണ് യുവാവ് മരിച്ചു. അഞ്ഞൂർ ചക്കിത്തറ റോഡിൽ ഡിങ്കിൾ ആണ് മരിച്ചത്.

✪✪✪

തൃശൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വെള്ളക്കെട്ടും മണ്ണിടിച്ചിലും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ 25 അംഗ NDRF സംഘം എത്തി.

വെള്ളക്കെട്ട് രൂക്ഷമായി ബാധിച്ച വടക്കാഞ്ചേരി കേന്ദ്രീകരിച്ചാണ് സംഘം പ്രവർത്തനം ഏകോപിപ്പിക്കുന്നത്. 50 അംഗ സിവിൽ ഡിഫൻസ് വൊളന്റീയേഴ്സിനെ തലപ്പിള്ളി, തൃശൂർ, ചാലക്കുടി എന്നിവിടങ്ങളിൽ വിന്യസിച്ചിട്ടുണ്ട്.

✪✪✪

പാലക്കാട് ജില്ലയിൽ 39 ദുരിതാശ്വാസ ക്യാമ്പുകളിലായി 2, 230 പേരെ മാറ്റി പാർപ്പിച്ചു. നെല്ലിയാമ്പതി ചുരം റോഡിൽ കല്ലും മണ്ണും വീണ് ഗതാഗതം പൂർണ്ണമായും തടസ്സപ്പെട്ടു. പട്ടാമ്പി പുഴയിൽ ജലവിതാനം ഉയർന്ന് പട്ടാമ്പി പാലത്തിലൂടെ ഗതാഗതം പൂർണ്ണമായും നിലച്ചു.

ജില്ലയിലെ 9 ഡാമുകളിൽ മംഗലംഡാം, കാഞ്ഞിരപ്പുഴ ഡാം, പോത്തുണ്ടി ഡാം എന്നിവയിൽ നിന്നും നിയന്ത്രിത അളവിൽ ജലം തുറന്നു വിടുന്നുണ്ട്.

NDRF ന്റെ 30 പേരടങ്ങുന്ന സംഘം ജില്ലയിലെത്തി ചിറ്റൂർ താലൂക്കിൽ ക്യാമ്പ് ചെയ്യുന്നുണ്ട്.

✪✪✪

വയനാട്ടിലെ ദുരന്ത ബാധിത പ്രദേശങ്ങളിലേക്കു അനാവശ്യ യാത്രകൾ ഒഴിവാക്കണമെന്ന് കണ്ണൂർ ജില്ലാ ദുരന്ത ദിവാരണ അതോറിറ്റി അറിയിച്ചു. കളക്ടറേറ്റിലും ജില്ലാ പഞ്ചായത്തിലും ദുരിത ബാധിതർക്ക് വേണ്ടി അവശ്യ സാധനങ്ങൾ ശേഖരിക്കുന്നതിന് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

✪✪✪

സംസ്ഥാനത്ത് ട്രോളിങ് നിരോധനം ഇന്ന് അർദ്ധരാത്രി അവസാനിക്കും. നീണ്ടകരപ്പാലത്തിന്റെ തൂണുകളിൽ ബന്ധിച്ചിരിക്കുന്ന ചങ്ങല, രാത്രി 12 ന് ഫിഷറീസ് അധികൃതർ അഴിച്ചു മാറ്റുന്നതോടെ ബോട്ടുകൾ കടലിലേക്ക് പുറപ്പെടും. 52 ദിവസത്തെ ട്രോളിങ് നിരോധനത്തിനുശേഷം ചാകര തേടി പോകാൻ അവസാനഘട്ട ഒരുക്കത്തിലാണ് യന്ത്രവത്കൃത മത്സ്യബന്ധന മേഖല.

✪✪✪

സംസ്ഥാനത്ത് ഇന്നലെ ഉപതിരഞ്ഞെടുപ്പ് നടന്ന 49 തദ്ദേശ ഭരണ വാർഡുകളിലെ വോട്ടെണ്ണൽ രാവിലെ പത്തിന് വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കും.

62.61 ശതമാനം പേർ വോട്ട് രേഖപ്പെടുത്തിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു.

വയനാട് ഒഴികെ ജില്ലകളിൽ ഒരു ജില്ലാ പഞ്ചായത്ത്, നാല് ബ്ലോക്ക് പഞ്ചായത്ത്, ആറ് മുനിസിപ്പാലിറ്റി, 38 ഗ്രാമപഞ്ചായത്ത് വാർഡുകളിലാണ് ഉപതിരഞ്ഞെടുപ്പ് നടന്നത്.

✪✪✪

പാരീസ് ഒളിംപിക്സിന്റെ അഞ്ചാം ദിനമായ ഇന്ന് ബാഡ്മിന്റൺ വനിതാ സിംഗിൾസിൽ P.V സിന്ധു ഉൾപ്പെടെ ഇന്ത്യയ്ക്കു വേണ്ടി മത്സരത്തിനിറങ്ങും. ടോക്കിയോ ഒളിംപിക്സിൽ വെങ്കലം നേടിയ ബോക്സർ ലൗലീന വനിതകളുടെ 75 കിലോ വിഭാഗത്തിൽ പ്രീക്വാർട്ടറിൽ മത്സരിക്കും.

ഡെസ്ക് റിപ്പോർട്ട്.

.............വോയ്സ്............

പുരുഷന്മാരുടെ സിംഗിൾസിൽ ലക്ഷ്യസെൻ, H.S പ്രണോയി എന്നിവർ മത്സരത്തിനിറങ്ങും. അമ്പെയ്ത്തിൽ ദീപിക കുമാരിയും തരുൺ ദീപ് റായിയും ഇന്ന് എലിമിനിറ്റർ റൗണ്ടിൽ മത്സരിക്കും. ഷൂട്ടിങ്ങിൽ വനിതകളുടെ ട്രാപ്പ് ഇനത്തിൽ രാജേശ്വരി കുമാരിയും ശ്രേയസി സിങ്ങും മെഡൽ പ്രതീക്ഷയുമായി കളത്തിലിറങ്ങും. ടേബിൾ ടെന്നിസിൽ ശ്രീജ അകുല സിങ്കപൂർ താരത്തെ നേരിടും. പുരുഷന്മാരുടെ ഡ്രസ്സേജ് ഇനത്തിൽ അനുഷ് അഗർവാലയും ഇന്ന് മത്സരത്തിനിറങ്ങും.

ഇന്നലെ 10 മീറ്റർ എയർ പിസ്റ്റൽ മിക്സഡ് ടീം ഇനത്തിൽ മനുഭാക്കറും സരബ്ജോത് സിങ്ങും വെങ്കല മെഡൽ സ്വന്തമാക്കി. ഇതോടെ സ്വാതന്ത്ര്യത്തിനു ശേഷം ഒരേ ഒളിംപിക്സിൽ ഇരട്ട മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ താരമെന്ന നേട്ടവും മനു ഭാക്കറിനു സ്വന്തമായി. നേരത്തെ, 10 മീറ്റർ എയർ പിസ്റ്റൾ സിംഗിൾസിൽ മനു വെങ്കല മെഡൽ നേടിയിരുന്നു. പുരുഷ ഹോക്കിയിലും ഇന്ത്യ മികച്ച പ്രകടനം കാഴ്ചവെച്ചു. പൂൾ ബി മത്സരത്തിൽ അയർലാന്റിനെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തിയാണ് ഇന്ത്യൻ ടീം വിജയക്കൊടി പാറിച്ചത്.

അമ്പെയ്ത്തിൽ ഭജൻ കൗർ വനിത വ്യക്തിഗത വിഭാഗത്തിൽ പോളണ്ട് താരത്തെ തോൽപ്പിച്ച് പ്രീക്വാർട്ടറിൽ കടന്നു. നേരത്തെ പോളണ്ട് താരത്തോട് പരാജയപ്പെട്ട അങ്കിത കൗർ മത്സരത്തിൽ നിന്ന് പുറത്തായി.

അമ്പെയ്ത്ത് പുരുഷ വിഭാഗത്തിൽ ഇന്ത്യക്ക് മെഡൽ പ്രതീക്ഷയുണ്ടായിരുന്ന ധീരജ് ബൊമ്മദേവര എലിമിനേറ്റർ റൗണ്ടിൽ പരാജയപ്പെട്ടു. കാനഡയുടെ എറിക് പീറ്റേഴ്സനോടാണ് ധീരജ് പരാജയപ്പെട്ടത്.

✪✪✪

ശ്രീലങ്കക്ക് എതിരായ ട്വന്റി 20 ക്രിക്കറ്റ് പരമ്പര ഇന്ത്യ തൂത്തുവാരി. പല്ലേക്കെലെ ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ നടന്ന മൂന്നാമത്തെയും അവസാനത്തെയും മത്സരത്തിൽ ശ്രീലങ്കയെ സൂപ്പർ ഓവറിൽ വീഴ്ത്തിയാണ് ഇന്ത്യ പരമ്പര സ്വന്തമാക്കിയത്.

ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 137 റൺസെടുത്തു. മറുപടി ബാറ്റിംഗിന് ഇറങ്ങിയ ശ്രീലങ്കയും നിശ്ചിത ഓവറിൽ 8 വിക്കറ്റ് നഷ്ടത്തിൽ 137 റൺസ് പൂർത്തിയാക്കി.

ഇതോടെ സൂപ്പർ ഓവറിലേക്ക് നീണ്ട മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്ക രണ്ട് റൺസെടുത്തു. മറുപടി ബാറ്റിംഗിനിറങ്ങിയ ഇന്ത്യ ആദ്യ പന്തിൽ തന്നെ ക്യാപ്റ്റൻ സൂര്യകുമാർ യാദവിന്റെ ബൗണ്ടറിയിലൂടെ ലക്ഷ്യം കണ്ടു.

✪✪✪

പ്രാദേശിക മാധ്യമ പ്രവർത്തകർക്കായി കൊച്ചി പ്രസ് ഇൻഫർമേഷൻ ബ്യൂറോ സംഘടിപ്പിക്കുന്ന മാധ്യമ ശിൽപശാല ഇന്ന് ആലുവയിൽ നടക്കും. ജില്ല പോലീസ് മേധാവി, വൈഭവ് സക്സേന ശിൽപശാല ഉദ്ഘാടനം ചെയ്യും.

പിഐബി, കേരള ലക്ഷദ്വീപ് മേഖല അഡീഷണൽ ഡയറക്ടർ ജനറൽ വി. പളനിച്ചാമി അധ്യക്ഷത വഹിക്കും.

✪✪✪